പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2256 | 20.6.2012-ലെ മറുപടിക്ക് |
|---|---|

മാവേലിക്കര ജില്ലാ ആശുപത്രിയുടെ ശോചനീയാവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) മാവേലിക്കര ജില്ലാ ആശുപത്രിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) ജില്ലാ ആശുപത്രിക്കായി 2011-12 ബഡ്ജറ്റിൽ ഓരോ ഹെഡ്ഡിലും നീക്കിവച്ച തുക എത്രയാണ്; 29.2.2012 വരെ ചെലവഴിച്ച തുകയുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ; | ബി) 2011-12-ൽ നിർമ്മാണ പ്രവർത്തനത്തിനായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല. |
| സി) ഇവിടെ ഡോക്ടർമാർ പൂർണ്ണസമയം രോഗികളെ ചികിൽസിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഇല്ല |
| ഡി) പ്രസ്തുത ആശുപത്രിയിൽ ജീവനക്കാരുടെയും ഡോക്ടർമാരുടെയും അഭാവം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ഡി) പ്രസ്തുത ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യാ) വിഭാഗത്തിൽ ഒരു ഒഴിവുണ്ടായിരുന്നത് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സിയിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകി ഒഴിവ് നികത്തുന്നതാണ്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ